**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാലുൽപന്നങ്ങൾക്ക് അഞ്ച് ശതമാനം ജിഎസ്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുൽപന്നങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. നടപ്പാക്കിയ കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾക്ക് ഇപ്രകാരം നികുതി ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പാലുല്പന്നങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. നടപ്പിലാക്കിയ കേന്ദ്രസർക്കാർ തീരുമാനം 18.07.2022 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. തൈര്, കട്ടിതൈര്, സംഭാരം, കട്ടിമോര് എന്നീ ഫെർമെന്റഡ് ഉല്പന്നങ്ങൾക്കാണ് 18.07.2022 മുതൽ അഞ്ച് ശതമാനം ജി.എസ്.ടി. നടപ്പിലാക്കിയത്. |
| (ബി) | എത്ര ശതമാനം നികുതിയാണ് ഈടാക്കിയത് എന്ന് വ്യക്തമാക്കുമോ; | (ബി) | അഞ്ച് ശതമാനം നികുതിയാണ് ഈടാക്കിയത്. |
| (സി) | ഉല്പന്നങ്ങളുടെ വിപണനത്തെ വില വർദ്ധനവ് ബാധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ? | (സി) | 18.07.2022 മുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തിയതിനു ശേഷം ജി.എസ്.ടി ചുമത്തിയ ഉൽപ്പന്നങ്ങളായ തൈര്, ലസ്സി, സംഭാരം, എന്നിവയുടെ വിൽപ്പന കുറഞ്ഞിട്ടുണ്ട്. വിപണന പ്രവർത്തനങ്ങൾ ഉർജ്ജിതമാക്കുകയും ക്ഷീരോൽപാദക മേഖലാ യൂണിയനുകളുടെ 83 % ലാഭ വിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽവിലയായും കർഷകർക്കാണ് നൽകുന്നത് എന്ന വസ്തുത ഉപഭോക്താക്കൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനു ശേഷം വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകുകയും ജി.എസ്.ടി ചുമത്തിയതിന് മുൻപ് ഉണ്ടായിരുന്ന വിൽപ്പന കൈവരിക്കുവാൻ സാധിച്ചിട്ടുമുണ്ട്. എന്നിരുന്നാലും സാഹചര്യങ്ങൾക്കനുസൃതമായ വില്പന വർദ്ധനവ് കൈവരിക്കുവാൻ ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ